## നടപടിക്രമം

ക്ഷീരവികസന വകുപ്പ് – ക്ഷേമനിധിയുടെ ബ്ലോക്ക് തല പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് ക്ഷീരവികസന ഓഫീസർമാരെ ബ്ലോക്കുതല നോഡൽ ഓഫീസർമാരായി നിയോഗിച്ചു കൊണ്ട് ഉത്തരവാകുന്നു.

ക്ഷീരവികസനവകുപ്പ്

നം.സി3/1950/2019 തിരുവനന്തപുരം,തീയതി,25/02/2019.

പരാമർശം:- ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ 05/02/2019 തീയതിയിലെ KDFWF/A/354/2019 നം. കത്ത്.

## ഉത്തരവ്

ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ വകുപ്പ് തല ഉദ്യോഗസ്ഥരുടെ സഹായസഹകരണത്തോടെയാണ് നടപ്പിലാക്കിവരുന്നത്. ആയതിലേയ്ക്ക് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഡെപ്യൂട്ടി ഡയറക്ടർ കേഡറിലുള്ള ഒരു നോഡൽ ഓഫീസറെയും, ജില്ലാതലത്തിൽ ക്വാളിറ്റി കൺട്രോൾ ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ക്ഷീരകർഷക ക്ഷേമനിധിയുടെ ഏറ്റവും കൂടുതൽ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്ന ബ്ലോക്ക് തലത്തിൽ ക്ഷേമനിധിയ്ക്ക് ജീവനക്കാരെ ചുമതലപ്പെടുത്തി നൽകിയിട്ടില്ല. ക്ഷേമനിധിയുടെ 23/01/2019 ലെ 23/78 –ാം തീരുമാന പ്രകാരം ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് ബ്ലോക്ക് തലത്തിൽ നോഡൽ ഓഫീസർമാരായി ക്ഷീരവികസനഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകണമെന്ന് മേൽ സൂചന പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്തിരിക്കുന്നു.

ടി സാഹചര്യത്തിൽ ക്ഷീരകർഷക ക്ഷേമനിധിയുടെ ബ്ലോക്ക് തലപ്രവർത്തനങ്ങൾക്കായി വകുപ്പിലെ ക്ഷീരവികസന ഓഫീസർമാരെ കേരള ക്ഷീരകർഷക ക്ഷേമനിധിയുടെ ബ്ലോക്കുതല നോഡൽ ഓഫീസർമാരായി നിയോഗിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഡയറക്ടർ

എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും ( ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ് :-

1. എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും/ക്വാളിറ്റികൺട്രോൾഓഫീസർമാർക്കും
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
4. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
5. ശേഖര സഞ്ചയം
6. സഞ്ചയം

കെ.ജി. 27.02